മുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതാത് ഓഫീസുകളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനും ഉദ്യോഗത്തിന് കാർഡയക്കുന്ന ആളുകളുടെ ലിസ്റ്റു കൂടെ പ്രസിദ്ധീകരിക്കാനും നടപടി സ്വീകരിക്കുമോ;

(ബി) ഈ ക്രമക്കേടുകൾക്കെതിരെ പരാതി അയക്കേണ്ടത് ആർക്കാണെന്നും അങ്ങനെ അയച്ചാൽ എത്ര ദിവസത്തിനകം വിശദീകരണ മറുപടി ലഭിക്കുമെന്നും വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഒഴികെ എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലും 31-12-1986 വരെ പ്രാബല്യമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗത്തിന് കാർഡയയ്ക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റു കൂടെ പ്രസിദ്ധീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതുകാരണം ടി ലിസ്റ്റ് കൂടി പ്രസിദ്ധീകരിക്കുവാൻ നിർവ്വാഹമില്ല.

(ബി) ശ്രീ. ബി. വിൽസൺ, ജോയിൻറ് ഡയറക്ടർ, എംപ്ലോയ്മെൻറ് ഡയറക്ടറേറ്റ്, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അയച്ചാൽ അന്വേഷിച്ച് വിശദമായ മറുപടി മൂന്നുമാസത്തിനകം നൽകുന്നതാണ്.

കൈത്തറി തൊഴിലാളികളുടെ മിനിമം കൂലിയും ക്ഷാമബത്തയും

* 191 [222] ശ്രീമതി പി. വേലായുധി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, സി. പി. മുസ്തഫാൻകുട്ടി:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് നടപ്പാക്കിയ മിനിമം കൂലിയും ക്ഷാമബത്തയും പല കേന്ദ്രങ്ങളിലും നടപ്പാക്കുന്നില്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(സി) ക്ഷാമബത്തയും മിനിമം കൂലിയും എല്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly